10797

<u>ഭരണഭാഷ - മാതൃഭാഷ</u>

D2- 46131/2016

കളക്ടറേറ്റ്, എറണാകുളം
തീയതി : 3/6/2016.

## <u>നോട്ടീസ്</u>

സിവിൽ സ്റ്റേഷനിലെ എല്ലാ ഓഫീസ് മേധാവികൾക്കും,

വിഷയം :- മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ - സംബന്ധിച്ച്.

സൂചന :- ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30/5/16 ന് കളക്ടറേറ്റിൽ കൂടിയ യോഗം.

F4

കാലവർഷത്തിന് മുന്നോടിയായി സാംക്രമിക രോഗങ്ങൾ തടയുന്നതിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകി വിദ്യാലയങ്ങൾ, സർക്കാർ ഓഫീസുകൾ, തൊഴിലിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് അതത് വിഭാഗത്തിലെ തലവന്മാരുടെ മേൽനോട്ടത്തിൽ ലോകപരിസ്ഥിതിദിനമായ ജൂൺ 5 ന് ഓഫീസും പരിസരവും വൃത്തിയാക്കുവാൻ സൂചനപ്രകാരമുള്ള യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ 2016 ജൂൺ മാസം 5-ാം തീയതി താങ്കളുടെ ഓഫീസിലെ എല്ലാ ജീവനക്കാരെയും പങ്കെടുപ്പിച്ച് ഓഫീസും പരിസരവും വൃത്തിയാക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കേണ്ടതും സർക്കാർ ഉത്തരവ് പാലിക്കേണ്ടതുമാണ്.

ഒപ്പ്
ജില്ലാ കളക്ടർ
ഉത്തരവിൻ പ്രകാരം
ജില്ലാ കളക്ടർക്കുവേണ്ടി

പകർപ്പ് നമ്പർ F4/10797/16
തീയതി 03/06/2016

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, അറിവിലേക്കും, അനന്തര നടപടികൾക്കുമായി ഉത്തരവിന്റെ പകർപ്പ് അയക്കുന്നു. അധികാരപരിധിയിൽ വരുന്ന പ്രധാന അധ്യാപകർക്കും [illegible] ഈ നോട്ടീസ് സർക്കുലർ ചെയ്യുക.

For DDE/Ekm

# എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : സി. ലതിക ജില്ലാ കളക്ടർ (ഇൻചാർജ്)

ഡി 2 -47131/2016 തീയതി - 01/06/2016

---

വിഷയം :- മഴക്കാല പൂർവ്വ ശുചീകരണയജ്ഞം - നടപടി - സംബന്ധിച്ച്.

സൂചന :- 1. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ 30/05/2016 ലെ 26378/K1/2016/DMD നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി എറണാകുളം കളക്ടറേറ്റിൽ 30/05/2016 ൽ നടത്തിയ യോഗം.

************************

കാലവർഷത്തിനു മുന്നോടിയായി ശുചീകരണ പ്രവർത്തനങ്ങളിലൂടെ ജില്ലയെ പകർച്ച വ്യാധികളിൽ നിന്നും രക്ഷിക്കുന്നതിനും പരിസര ശുചീകരണത്തിനും പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് ജില്ലയിൽ തുടക്കം കുറിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ശ്രീ ഇ.പി.ജയരാജിന്റെ അദ്ധ്യക്ഷതയിൽ സൂചന (2) പ്രകാരം ചേർന്ന യോഗത്തിൽ ഇതു സംബന്ധിച്ച വിശദമായ പരിപാടികൾ സുവിഷ്കരിച്ചു ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൂൺ 1-)0 തീയതിക്കകം പ്രത്യേക സമിതി രൂപീകരിക്കണം. കൂടാതെ ജൂൺ 2-)0 തീയതിക്കകം വാർഡുതല സമിതിയും രൂപീകരിക്കണം. ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് ബഹുജനപങ്കാളിത്തത്തോടെ നാട്ടിൽ ശുചീകരണ പ്രവർത്തനം നടത്തേണ്ടതാണ്. ആയതിലേയ്ക്ക് താഴെപ്പറയും പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു

1. വിദ്യാലയങ്ങൾ, സർക്കാർ ഓഫീസുകൾ, തൊഴിലിടങ്ങൾ കേന്ദ്രീകരിച്ച് അതത് വിഭാഗത്തിന്റെ തലവൻമാരുടെ മേൽ നോട്ടത്തിൽ പ്രത്യേക പ്രവർത്തനം വേണം.
2. പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ സേവനം ആവശ്യമായിടത്ത് ലഭ്യമാക്കുവാൻ പോലീസ് ചീഫ് നടപടി സ്വീകരിക്കണം.

3. പായൽ നീക്കം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പും നടപടി സ്വീകരിക്കേണ്ടതാണ്.
4. അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നതിനും ബോധവത്കരിക്കുന്നതിനും ടി സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്.
5. നിരത്തിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. നിരത്തുകളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് കർശനമായി തടയേണ്ടതാണ്.
6. നിരത്തുകളിൽ മാലിന്യം വലിച്ചെറിയുന്നത് കർശനമായി തടയുന്നതിന് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പോലീസ് വകുപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പുകൾ നടപടി സ്വീകരിക്കണം.
7. പകർച്ച വ്യാധികൾ തടയുന്നതിന് ജില്ലാമെഡിക്കൽ ഓഫീസർ ആവശ്യമായ നടപടി സ്വീകരിക്കണം. കോളനികൾ വൃത്തിയാക്കുന്നതിന് അടിയന്തര നടപടിയെടുക്കേണ്ടതാണ്.
8. അതാത് സ്ഥാപനങ്ങളിൽ ജീവനക്കാർ മുൻകൈ എടുത്ത് ശുചീകരണം നടത്തേണ്ടതാണ്.
9. വിവിധ സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ക്ലബ്ബുകൾ, വായനശാലകൾ എന്നിവയുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
10. കനാലുകളും ഓടകളും കാനകളും അടിയന്തരമായി വൃത്തിയാക്കേണ്ടതും വെള്ളം കെട്ടികിടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
11. ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റുജീവനക്കാരുടേയും ലഭ്യത ജില്ലാ മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്യേണ്ടതുമാണ്.
12. മഴക്കാല ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് വില്ലേജ് തലത്തിൽ മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണം. തഹസിൽദാർമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് സെക്രട്ടറി ചെയർമാനും വില്ലേജ് ഓഫീസർ കൺവീനറുമായി പ്രധാന വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കേണ്ടതും റിപ്പോർട്ട് ജൂൺ 5 നകം ജില്ലാകളക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

13. 2016 ജൂൺ അഞ്ചാം തീയതി രാവിലെ 9 മണിക്ക് ബഹുജന പങ്കാളിത്തത്തോടെ ജില്ലയിലെ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

14. ശുചീകരണയജ്ഞം സംബന്ധിച്ച റിപ്പോർട്ടുകളും ഫോട്ടോകളും ddmaekm@gmzil.com എന്ന ഇ.മെയിലിൽ യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
ജില്ലാ കളക്ടർ (ഇൻചാർജ്)

പകർപ്പ് :-

1. എല്ലാ വകുപ്പുമേധാവികൾക്കും
2. സബ് കളക്ടർ ഫോർട്ടുകൊച്ചി
3. റവന്യൂ ഡിവിഷണൽ ഓഫീസർ , മൂവാറ്റുപുഴ
4. എല്ലാ തഹസിൽദാർമാർക്കും
5. പ്രൈവറ്റ് സെക്രട്ടറി ടു ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി (ആമുഖ കത്ത് സഹിതം)
6. മെമ്പർ സെക്രട്ടറി, SDMA, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഉത്തരവിൻ പ്രകാരം

ജില്ലാ കളക്ടർക്കുവേണ്ടി

T3